**സബ്മിഷൻ**

സി. ഐ. പ്രൊമോഷൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, വളരെ അടിയന്തര പ്രാധാന്യമായി ലഭിക്കേണ്ടുന്ന പ്രൊമോഷനെ സംബന്ധിച്ചുള്ള ഒരു സബ്മിഷനാണ് ഞാനിവിടെ ഉന്നയിക്കുന്നത്. പോലീസ് വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 1988-ൽ ഡയറക്ട് ഹെഡ്കോൺസ്റ്റബിളായി സർവ്വീസിൽ പ്രവേശിക്കുകയും 10 വർഷത്തിനുശേഷം എ.എസ്.ഐ. ആയി പ്രൊമോഷൻ ലഭിക്കുകയും തുടർന്ന് 01.01.2000-ലെ സെലക്ട് ലിസ്റ്റിൽനിന്നും 01.01.2001-ൽ സബ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ ലഭിക്കുകയും എന്നാൽ 19.03.2003-ൽ പി.എസ്.സി. അഡ്വൈസ് ചെയ്ത ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ ലിസ്റ്റിൽ സീനിയറായി ഉൾപ്പെടുത്തി സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുകയും ചെയ്തവരുമായ 14 പോലീസ് സി.ഐ.മാരുടെ വിഷയമാണ്. ഇവർക്ക് നാളിതുവരെയായി പ്രൊമോഷൻ ലഭിച്ചിട്ടില്ല. ഇവർ നിരന്തരം മേലധികാരികളുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ പോലും അനുഭാവപൂർവ്വമായിട്ടുള്ള ഒരു പരിഗണന നാളിതുവരെ ലഭിച്ചിട്ടില്ല. പട്ടികജാതിക്കാരായിട്ടുള്ള ഈ 14 സി.ഐ.മാർക്ക് അടിയന്തരമായും പ്രൊമോഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ്

എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കുവാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ കുറച്ചുകാലമായി പോലീസിൽ നിൽക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ചാണ് ഇവിടെ ഈ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. നിലവിൽ സർക്കിൾ ഇൻസ്പെക്ടർമാരായി പ്രൊമോഷൻ ലഭിച്ചവരുൾപ്പെടുന്ന സബ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 19.03.2003-ൽ അഡ്വൈസ് ചെയ്ത ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെയും പ്രൊമോട്ടഡ് സബ് ഇൻസ്പെക്ടർമാരുടെയും ഡയറക്ട് എച്ച്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് തമ്മിൽ സീനിയോറിറ്റി തർക്കം നിലനിൽക്കുകയായതിനാൽ സർക്കാർ നിർദ്ദേശ പ്രകാരം സീനിയോറിറ്റി തർക്കം പരിഹരിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ പ്രകാരം സർക്കിൾ ഇൻസ്പെക്ടർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സത്വര നടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചു വരികയാണ്. പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് ഔദ്യോഗിക വെബ്സൈറ്റിലും സർക്കാർ ഗസറ്റിലും പ്രസിദ്ധീകരിച്ച് അതുവഴി ലഭിക്കുന്ന ആക്ഷേപങ്ങൾ കൂടി പരിഹരിച്ച് ഉടൻ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് അനുബന്ധ ഡിപ്പാർട്ടുമെന്റൽ

പ്രൊമോഷൻ കമ്മിറ്റി (ഹയർ) കൂടി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികയിലേയ്ക്കുള്ള സർക്കിൾ ഇൻസ്പെക്ടർമാരുടെ സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുമ്പോൾ സബ്മിഷനിൽ പ്രതിപാദിക്കുന്ന 14 പോലീസ് ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് യോഗ്യതയുള്ള പക്ഷം പ്രൊമോഷൻ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുള്ള നടപടികൾ വേഗതയിലാക്കാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്.

<u>വനിതാ സൗഹൃദ സൈബർ പോലീസ് സ്റ്റേഷൻ</u>

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, സ്ത്രീസുരക്ഷയെ സംബന്ധിച്ച് ഈ ഗവൺമെന്റ് വലിയ പ്രാധാന്യം കൊടുക്കുന്നതിന്റെ ഭാഗമായാണ് 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതിക്ക് രൂപം കൊടുത്തത്. അതുപോലെത്തന്നെ സെൻട്രൽ ഗവൺമെന്റിന്റെ അസിസ്റ്റൻസോടുകൂടി 'നിർഭയ' എന്ന മറ്റൊരു പദ്ധതിയും സംസ്ഥാന ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനുവേണ്ടി തയ്യാറാക്കിയിട്ടുണ്ട്. പക്ഷേ സൈബർ ലോകത്തെ നമുക്കിന്ന് മാറ്റി നിർത്താൻ കഴിയില്ല. സൈബർ സ്പേസ് എന്നത് വളരെ പ്രധാനമായിട്ടുള്ള ഒന്നാണ്. കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽതന്നെ 2007 മുതൽ 2015 വരെയുള്ള സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ കണക്കുകൾ വ്യക്തമാക്കുന്നത് ഈ

രംഗത്ത് ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകളും ഇത് സ്ഥിരീകരിക്കുയാണ്. കൊച്ചിയിൽ ക്രൈം റേറ്റിന്റെ എണ്ണം വ്യാപകമായി കുറഞ്ഞിട്ടുണ്ടെങ്കിലും സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം 50 ശതമാനത്തിലേറെ വർദ്ധിച്ചിരിക്കുകയാണ്. സുപ്രീം കോടതിയുടെ പ്രസക്തമായ ഒരു വിധിയിൽ അഭിപ്രായ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. പക്ഷേ അത് ദുരുപയോഗം ചെയ്തുകൊണ്ടുതന്നെ എന്തും പറയാനും അതുപോലെ സ്ത്രീകളെ ചൂഷണം ചെയ്യാനും അപമാനിക്കാനുമുള്ള പുതിയ മാധ്യമമായി ഇന്റർനെറ്റും സോഷ്യൽ മീഡിയയും മാറിയിരിക്കുകയാണ്. നമ്മുടെ നിത്യ ജീവിതത്തിൽനിന്ന് ഫെയ്സ്ബുക്ക്, വാട്ട്സ്ആപ്പ് പോലെയുള്ള സോഷ്യൽ മീഡിയകളെ മാറ്റിനിർത്താൻ കഴിയില്ല. അതുകൊണ്ടുതന്നെ സ്ത്രീകൾക്ക് പ്രാമുഖ്യം കൊടുക്കുന്ന ഒരു വിമൻസ് ഫ്രണ്ട്ലി സൈബർ പോലീസ് സ്റ്റേഷൻ കൊച്ചി കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിന്റെ ആവശ്യകതയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പല പ്രശസ്തരായ വ്യക്തികളുടെ ഫെയ്സ് ബുക്ക് പ്രൊഫൈലുകൾ, ഫെയ്ക്ക് ആയ ഫെയ്സ്ബുക്ക് പ്രൊഫൈലുകളും... കഴിഞ്ഞ ദിവസം പ്രശസ്ത നർത്തകിയും നടിയുമായ ശ്രീമതി ആശാ ശരത്തിന്റെ മോർഫ് ചെയ്ത ചിത്രങ്ങൾ ഇന്റർനെറ്റിലൂടെ

വ്യാപകമായി പ്രചരിക്കുകയുണ്ടായി. സ്ത്രീകൾക്ക് എതിരെയുള്ള ചൂഷണവും അതിക്രമവും പണ്ട് നേരിട്ടായിരുന്നുവെങ്കിൽ ഇന്ന് അതിന് എഫക്റ്റീവായി ഉപയോഗിക്കുന്ന ഒരു മാധ്യമമായി സോഷ്യൽ മീഡിയ മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇത് വളരെ ഗൗരവകരമായി എടുത്ത് ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ അറിവും, ഇത് കൂടുതൽ എക്യുപ് ചെയ്യുന്നതിനും വേണ്ടുന്ന ട്രെയിനിംഗ്.. പ്രത്യേകിച്ച് സൈബർ നിയമങ്ങളെക്കുറിച്ച് അറിയാത്തതും, പോലീസ് ഉദ്യോഗസ്ഥരിൽ തന്നെയുള്ള ആളുകൾക്ക് പ്രോപ്പറായ ട്രെയിനിംഗ് കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ല. ടെക്നിക്കൽ എക്സ്പെർട്സിന്റെ സഹായം നമുക്ക് നേടേണ്ടതുണ്ട്. അത് മുൻനിർത്തിക്കൊണ്ട് കൂടുതൽ സ്ത്രീകളെയും... കാരണം ഏറ്റവും കൂടുതൽ നന്നായി ഇത് കൈകാര്യം ചെയ്യാൻ കഴിയുന്ന ആളുകൾ സ്ത്രീകളാണ്, പെട്ടെന്ന് പഠിക്കാൻ കഴിയുന്ന ആളുകൾ സ്ത്രീകളാണ്. അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ സ്ത്രീസൗഹൃദ സൈബർ പോലീസ് സ്റ്റേഷനുകൾക്ക് രൂപം കൊടുക്കണം. അതിന് കൊച്ചി ആസ്ഥാനമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരികയാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ

പ്രവർത്തിച്ചു വരുന്നുണ്ട്. അവിടെയാണെങ്കിൽ കേസ്സുകൾ കുന്നുകൂടി കിടക്കുകയാണ്. ഇതിനകത്തുള്ള ഏറ്റവും വലിയ പ്രശ്നമെന്നു പറയുന്നത്, പുതിയ ഒരു സുപ്രീം കോടതി വിധി വന്നിരിക്കുകയാണ്. കേരളാ പോലീസ് ആക്ടിന്റേയും സൈബർ ആക്ടിന്റേയുമെല്ലാം പ്രധാനപ്പെട്ട പ്രസക്തമായ ഭാഗങ്ങൾ സുപ്രീം കോടതി ഇപ്പോൾ എടുത്ത് കളഞ്ഞിരിക്കുകയാണ്, റദ്ദ് ചെയ്തിരിക്കുകയാണ്. അതുകൊണ്ടുതന്നെ പല കേസ്സുകളും നമുക്ക് തെളിയിക്കുന്ന കാര്യത്തിലും നടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും വളരെയേറെ പ്രതിസന്ധികൾ ഇപ്പോൾ പോലീസ് നേരിടുന്നുണ്ട്. അതുകൊണ്ട് കൂടുതൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കണമെന്നുള്ളത് ഒരു ഡിമാന്റാണ്, അത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കൊച്ചി, കോഴിക്കോട്, തൃശ്ശൂർ റെയിഞ്ച് ഹെഡ്ക്വാർട്ടേഴ്സായി ഓരോ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനുള്ള തീരുമാനമാണ് ഗവൺമെന്റിനുള്ളത്. കൊച്ചി സിറ്റിയിൽ ഒരു പുതിയ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ഉടൻ തന്നെ അത് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. അതിനാവശ്യമായ ട്രെയിനിംഗ് പോലീസ് ഉദ്യോഗസ്ഥൻമാർക്ക് നൽകും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ

ചൂണ്ടിക്കാണിച്ചതുപോലെ വനിതാ പോലീസുകാർക്ക് കൂടുതൽ പരിശീലനം കൊടുത്തുകൊണ്ട്, വനിതാ സൗഹൃദ സൈബർ പോലീസ് സ്റ്റേഷൻ എന്നുള്ള നിലയിലേക്ക് അത് മാറ്റണമെങ്കിൽ അവരെക്കൂടി, വനിതകൾ മാത്രമല്ല മറ്റ് പോലീസുകാരോടൊപ്പം പരിശീലനം സിദ്ധിച്ച വനിതകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതി

ശ്രീ. പി. എ. മാധവൻ: സർ, ഈ സർക്കാർ നിലവിൽവന്നതിനു ശേഷമാണ് കോൾ കൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡിയും ഉൽപ്പാദന ബോണസ്സും വർദ്ധിപ്പിച്ചു നൽകാനും ആ ഇനത്തിലുള്ള കുടിശ്ശിക നൽകാനും തയ്യാറായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും കൃഷി വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിലാണ് അത്തരത്തിലുള്ള ഒരു തീരുമാനമുണ്ടായത്. തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ 36000 ഏക്കറോളം വരുന്ന നെൽക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശ്വാസകരമായ ഒന്നാണ് തൃശ്ശൂർ-പൊന്നാനി കോൾ വികസന അതോറിറ്റിയിലൂടെ നടപ്പിലാക്കാൻ കഴിഞ്ഞ പദ്ധതി. ഇതിന് അന്നത്തെ തൃശ്ശൂർ എം.പി. ചെയർമാനായിട്ടുള്ള 22 അംഗ കമ്മിറ്റിയെ കേരള സർക്കാർ നിയോഗിക്കുകയുണ്ടായി. ആ കമ്മിറ്റിയിൽ കോൾ നിലങ്ങളുൾപ്പെടുന്ന മുഴുവൻ

പ്രദേശങ്ങളുടേയും എം.എൽ. എ.മാരും 3 എം.പി. മാരുമുണ്ടായിരുന്നു. എന്നാൽ ഈ 22 അംഗ കമ്മിറ്റി 16 മാസമായി ഇതുവരെ യോഗം ചേർന്നിട്ടില്ല. 2014 ആഗസ്റ്റിൽ ചേർന്ന കമ്മിറ്റിയിൽ 22 അംഗങ്ങളിൽ 3 അംഗങ്ങൾ മാത്രമാണ് പങ്കെടുത്തിരുന്നത്. ആകെ 5 അംഗങ്ങൾ പങ്കെടുത്തിരുന്ന ആ യോഗത്തിന്റെ മിനിട്ട്സിൽനിന്നും അറിയാൻ കഴിഞ്ഞത് ജീവനക്കാരെ നിയമിക്കുകയും ഒട്ടേറെ പദ്ധതികൾ തീരുമാനിച്ചതായുമാണ്. അതിന്റെ മിനിട്ട്സ് എന്റെ കൈവശമുണ്ട്. ഈ കമ്മിറ്റി കോടിക്കണക്കിന് രൂപയുടെ തീരുമാനങ്ങൾ എടുത്തതിൽ തെറ്റൊന്നുമില്ല. ഒരു കമ്മിറ്റി നിലവിൽ ഇരിക്കുകയും ആ കമ്മിറ്റി അംഗങ്ങൾ അറിയാതെ യോഗങ്ങൾ നടക്കുകയും, അങ്ങനെ നടക്കുന്ന യോഗങ്ങളിൽ കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികളുടെ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നത്, ആ കമ്മിറ്റിയിൽ ഇരിക്കുന്നവർക്ക് അഭിമാനകരമല്ല. അങ്ങനെയൊരു കമ്മിറ്റിയിൽ അംഗമാണ് എന്നു പറഞ്ഞ് ഏറ്റവുമധികം കോൾ നിലങ്ങളുള്ള സ്ഥലങ്ങളിലൂടെ യാത്ര ചെയ്യുന്നതുപോലും വളരെ ശ്രമകരമായ കാര്യമാണ്. വളരെ ഗൗരവമായ ഒരു കാര്യം കൂടി ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഞാൻ ഉപയോഗിക്കുന്നത്. ഞാൻ ഇന്നലെ ഒരു കോളിംഗ് അറ്റൻഷൻ കൊടുത്തിരുന്നു, സർവ്വാദരണീയനായ എ.പി.ജെ. അബ്ദുൾ കലാമിന്റെ നിര്യാണംമൂലം നടപടികൾ മാറ്റിവച്ചു കൊണ്ടാണ്

അത് അവതരിപ്പിക്കാൻ കഴിയാതെ പോയത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 50 കൊയ്ത്തുമെതിയന്ത്രങ്ങൾ, 20 ട്രാക്ടറുകൾ, പവർ ടില്ലറുകൾ, കൾട്ടിവേറ്ററുകൾ, നടീൽ യന്ത്രങ്ങൾ തുടങ്ങി കോടിക്കണക്കിന് രൂപയുടെ മെഷനറികൾ പർച്ചേസ് ചെയ്തിട്ടുണ്ട്. അത് അവിടെ ഡംപ് ചെയ്ത കിടക്കുകയാണ്. ഇതിൽ കൊയ്ത്തുമെതിയന്ത്രത്തിന് 1700 രൂപ മുതൽ 2100 രൂപ വരെയാണ് ഒരു മണിക്കൂറിന് കൃഷിക്കാർ നൽകേണ്ട വാടക. എന്നാൽ ഈ കൊയ്ത്തുമെതിയന്ത്രങ്ങളെല്ലാം 850 രൂപ വാടകയ്ക്ക് ഒരു വ്യക്തിക്ക് കൊടുത്തിരിക്കുകയാണ്. 850 രൂപയ്ക്ക് ആ വ്യക്തിയെടുക്കുന്ന യന്ത്രങ്ങൾ 1700 രൂപ മുതൽ 2100 രൂപ വരെ വാടകയ്ക്ക് കൃഷിക്കാർക്ക് കൊടുക്കുകയാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശക്തമായ നിലപാട് എടുക്കുന്നുണ്ടെന്നാണ് എന്റെ അറിവ്. കാരണം പാടശേഖര കമ്മിറ്റിക്കാർക്ക് വേണ്ടിയാണ് ഈ മെഷനറികൾ വാങ്ങുന്നത്. അത് പാടശേഖര കമ്മിറ്റിക്കാർക്ക് കിട്ടാതെ വരികയും സ്വകാര്യ വ്യക്തിക്ക് കൊള്ള ലാഭമുണ്ടാക്കാൻ അവസരമുണ്ടാക്കുകയും ചെയ്യുന്നത് ക്ഷന്തവ്യമല്ല. ഇതു വളരെ ഗുരുതരമായ പ്രശ്നമാണ്, ആ സ്ഥലത്തെ ആയിരക്കണക്കിന് കൃഷിക്കാരെ ബാധിക്കുന്നതാണ്. എന്റെ നിയോജകമണ്ഡലത്തിലെ 5 പഞ്ചായത്തുകൾ കോൾ നിലങ്ങൾ ഉൾപ്പെടുന്ന പ്രദേശമാണ്. ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം, ഇത് പാടശേഖര

കമ്മിറ്റികൾക്ക് കൊടുക്കാൻ തീരുമാനമാനമെടുത്തിട്ടുണ്ട്, അത് നടപ്പാക്കണം. ജനപ്രതിനിധികൾ ഉൾപ്പെട്ട കമ്മിറ്റി വിളിച്ചു കൂട്ടണം, ജന പ്രതിനിധികൾക്ക് പറയാനുള്ളത് കേൾക്കണം. ആരുമില്ലാതെ കമ്മിറ്റി കൂടി എന്തു തീരുമാനവുമെടുത്ത് അതിന് പത്രവാർത്തയും പ്രാധാന്യവും കൊടുത്തതുകൊണ്ട് കാര്യമില്ല. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. കമ്മിറ്റി വിളിച്ചു കൂട്ടാനും അതാത് പാടശേഖര കമ്മിറ്റിക്കാർക്ക് കോടിക്കണക്കിന് രൂപയുടെ മെഷിനറി വാങ്ങിയത് പ്രയോജനപ്പെടാനും അവസരമുണ്ടാകണം. അതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ സത്വര ശ്രദ്ധ ഉണ്ടാകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട മുൻ എം. പി. ശ്രീ. പി.സി ചാക്കോയുടേയും ഈ സർക്കാരിന്റേയും നേതൃത്വത്തിൽ തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ സമഗ്ര വികസനത്തിനായി വിഭാവനം ചെയ്ത പദ്ധതിയാണ് സമഗ്ര കോൾ വികസന പദ്ധതി. നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ പദ്ധതിയും ആർ.കെ.വി.വൈ സ്കീമിൽ ഉൾപ്പെടുത്തി മറ്റു പദ്ധതികളും നടപ്പിലാക്കി വരുന്നു. ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെട്ട പദ്ധതികൾ കെ.എൽ.ഡി.സി. വഴിയും ആർ.കെ.വി.വൈ സ്കീമിൽ

ഉൾപ്പെട്ട പദ്ധതികൾ സർക്കാരിന്റെ വിവിധ നിർവ്വഹണ ഏജൻസികൾ വഴിയുമാണ് നടപ്പിലാക്കി വരുന്നത്. തൃശ്ശൂർ-പൊന്നാനി കോൾ നിലങ്ങളുടെ വികസനത്തിനായുള്ള കോൾ നില വികസന ഏജൻസിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച കോൾ നില വികസന സമിതിയുടെ ചെയർമാൻ മുൻ എം.പി. ശ്രീ. പി. സി. ചാക്കോ ആയിരുന്നു. അതിനുശേഷം ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ, എം.പി.യെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത നിയമനത്തിനെതിരെ എൻ. കെ. സുബ്രഹ്മണ്യൻ എന്ന കർഷകൻ കേരള ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയും പ്രസ്തുത നിയമനം റദ്ദാക്കിക്കൊണ്ട് കോടതി ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. അതിൽ അപ്പീൽ ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. സമഗ്ര കോൾ നില വികസന പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളെല്ലാം നല്ല നിലയിൽ പുരോഗമിച്ചു വരുന്നു. ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ആദ്യഘട്ടമെന്ന നിലയിൽ നടപ്പിലാക്കി വരുന്ന 123.53 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതികളിൽ റെയ്ഡ്കോ വഴി നടപ്പിലാക്കുന്ന യന്ത്രവൽക്കരണം പുരോഗതിയിലാണ്. ആദ്യഘട്ടമെന്ന നിലയിൽ 14 കോടി രൂപ ചിലവഴിച്ചു കഴിഞ്ഞു. ആധുനിക

പമ്പിംഗ് സിസ്റ്റം സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നു വരുന്നു. കൊയ്ത്തുമെതിയന്ത്രങ്ങൾ അടക്കം പാടശേഖര സമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ അനുവദിച്ച 65 ലക്ഷം രൂപയിൽ 63 ലക്ഷം രൂപയും ചിലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പു വഴി 819 പശു കിടാരികളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. മാത്രമല്ല 74854 താറാവു കുഞ്ഞുങ്ങളുടെ വിതരണവും നടത്തിയിട്ടുണ്ട്. അഡാക്ക് വഴി നടപ്പിലാക്കിവരുന്ന മൽസ്യകൃഷിക്കായി 99 ലക്ഷം രൂപ ചിലവഴിച്ചു കഴിഞ്ഞു. വി.എഫ്.പി.സി.കെ. വഴി നടപ്പിലാക്കുന്ന പച്ചക്കറി വ്യാപനവും പദ്ധതിയുടെ ഒന്നാംഘട്ടമെന്ന നിലയിൽ 168 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന പൗൾട്ടി ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന കോഴി വളർത്തൽ പദ്ധതിക്കായി ഇതുവരെ 2 കോടി 52 ലക്ഷം രൂപ ചിലവഴിച്ചു. ആർ. ഐ.ഡി.എഫ്., ആർ.കെ.വി.വൈ. സ്കീമുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ കർഷകർക്ക് ഏറ്റവും പ്രയോജനകരമായ രീതിയിൽ വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ചുകൊണ്ട് സമയബന്ധിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി സ്പെഷ്യൽ ഓഫീസർ കൂടിയായ തൃശ്ശൂർ കളക്ടർ

എല്ലാ മാസവും യോഗം കൂടി വിലയിരുത്തുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 23-7-2015-ന് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും സമഗ്ര കോൾ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. 2015 ആഗസ്റ്റ് മാസം 15-നകം കോൾ വികസന സമിതിയുടെ സമ്പൂർണ്ണയോഗം വിളിച്ച് ചേർക്കുന്നതാണ്.

## കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി ബൈപ്പാസിന് 2008-ലാണ് G.O(Rt)1998/2008 നമ്പരായി ഭരണാനുമതി നൽകിയത്. എന്നാൽ ഏതാനും വ്യക്തികൾ നൽകിയ ഒരു റിട്ട് പെറ്റിഷൻ കാരണം പണി തുടങ്ങുന്നതിനുള്ള നടപടികൾ വൈകിയാണുണ്ടായത്. 01.12.2012-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജ്മെന്റ് പ്രകാരം ബന്ധപ്പെട്ടവരെ പി.ഡബ്ല്യൂ.ഡി. സെക്രട്ടറി ഹിയർ ചെയ്യുകയും അതിനുശേഷം ലാന്റ് അക്വിസിഷൻ നടപടികളുമായി മുമ്പോട്ട് പോകുകയാണ് ചെയ്തത്. 2014-ൽ ജില്ലാ ലാന്റ് പർച്ചേസിംഗ് കമ്മിറ്റിയിലെ മൂന്നുപേർ ഇതുമായി ബന്ധപ്പെട്ട് ഓഫർ മുമ്പോട്ട് വയ്ക്കുകയും ചെയ്തു. എന്നാൽ അതിനുശേഷം യാതൊരു നടപടിയും ആയിട്ടില്ല. ഏതാണ്ട് 3.98 ഹെക്ടർ സ്ഥലമുൾപ്പെടുന്ന ഈ ബൈപ്പാസ് കാഞ്ഞിരപ്പള്ളിയുടെ മാത്രം ആവശ്യമല്ല. കിഴക്കൻ മേഖലകളിലേയ്ക്ക് പോകുന്ന വാഹനങ്ങൾ പലപ്പോഴും ഏതാണ്ട് ഒന്നരമണിക്കൂറോളമാണ് കാഞ്ഞിരപ്പള്ളി

ടൗണിലെ ഗതാഗതക്കുരുക്കിൽ പെട്ടുപോകുന്നത്. കിഴക്കിന്റെ കവാടമായ കാഞ്ഞിരപ്പള്ളി ബൈപ്പാസ്, ആ പ്രദേശത്തിനപ്പുറത്ത് ഒരു മേഖലയുടെ തന്നെ മൊത്തം വികസനവുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാഞ്ഞിരപ്പള്ളി ബൈപ്പാസിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കണം. ഇതുസംബന്ധിച്ച് The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act പ്രകാരം ഈ ഭൂമി ഏറ്റെടുക്കണമെന്ന നിർദ്ദേശം മുമ്പോട്ട് വച്ചെങ്കിൽപ്പോലും ഇതുമായി ബന്ധപ്പെട്ട് റൂൾസ് തയ്യാറാക്കിയിട്ടില്ല എന്നതാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ആ റൂൾസ് വരാൻ കാത്തിരിക്കാതെ വളരെ പ്രാധാന്യമുള്ള പ്രവൃത്തിയെന്ന നിലയിൽ ചില പ്രവർത്തികൾക്ക് പി.ഡബ്ല്യൂ.ഡി. ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നെഗോഷ്യബിൾ പർച്ചേസിനുവേണ്ടിയുള്ള നടപടികളും അതോടൊപ്പമുള്ള ഉത്തരവുകളും നൽകാറുണ്ടെന്ന് മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാകളക്ടർ കാഞ്ഞിരപ്പള്ളി ബൈപ്പാസിനുള്ള ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നെഗോഷ്യബിൾ പർച്ചേസ് അനുസരിച്ച് ഭൂമി ഏറ്റെടുത്ത് ഇതിന്റെ എസ്റ്റിമേറ്റും പ്ലാനുമെല്ലാം തയ്യാറാക്കിയിട്ടുള്ളതാണ്. അതിനുള്ള നടപടികളുമായി വളരെ ത്വരിതഗതിയിൽ മുമ്പോട്ട് പോകുന്നതിനുള്ള

നിർദ്ദേശവും ഉത്തരവും നൽകണം. അതോടൊപ്പം 2008-ലെ രണ്ടുവർഷത്തെ കാലാവധിയുള്ള എ.എസ്. ഇപ്പോൾ ആറു വർഷമായതിനാൽ ഓട്ടോമാറ്റിക്കായി നഷ്ടപ്പെട്ടതുകൊണ്ട് അതിന്റെ എ.എസ്. പുതുക്കുന്നതിനുള്ള നിർദ്ദേശവും പി.ഡബ്യൂ.ഡി.-ക്ക് നൽകണം. കാഞ്ഞിരപ്പള്ളിയുടെ വളരെ പ്രധാനപ്പെട്ട ഈ വികസനപ്രവർത്തനത്തിൽ വളരെ ആത്മാർത്ഥമായ സമീപനം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കാഞ്ഞിരപ്പള്ളി ടൗൺ ബൈപ്പാസ് 2008 മുതൽ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ അതിനിടയ്ക്ക് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരാൾ ബഹുമാനപ്പെട്ട കോടതിയിൽ കേസ്സിന് പോകുകയും കോടതി പി.ഡബ്ല്യൂ.ഡി.-യോട് അദ്ദേഹത്തിന്റെ വാദം കേൾക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തുകയും അദ്ദേഹത്തിന്റെ വാദം തള്ളിക്കളഞ്ഞുകൊണ്ട് അലൈൻമെന്റിൽ മാറ്റം വരുത്താതെ തന്നെ മുന്നോട്ട് പോകാൻ തീരുമാനിച്ചിരിക്കുകയാണ്. പക്ഷേ ഭൂമി ഏറ്റെടുക്കുന്നതിന് ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ ഇന്ന് റൂൾസില്ല. റൂൾസ് ഫ്രെയിം ചെയ്യാത്തതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് ഇങ്ങനെയുള്ള അവസരങ്ങളിൽ

സ്ഥലമേറ്റെടുക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് നടത്തുന്നതിനുള്ള നിർദ്ദേശം ജില്ലാകളക്ടർമാർക്ക് കൊടുത്തിട്ടുണ്ട്, ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്, അതിനുള്ള ജി.ഒ.-യും ഇറക്കിയിട്ടുണ്ട്. അക്കാര്യങ്ങളൊക്കെ കളക്ടർമാർക്ക് അറിയാം. ബഹുമാനപ്പെട്ട അംഗം കളക്ടറുമായി ബന്ധപ്പെട്ട് ഈ കാര്യത്തിൽ സത്വര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ കോട്ടയം ജില്ലാകളക്ടർക്ക് ആവശ്യമായ നിർദ്ദേശം കൊടുക്കുന്നതാണ്.

## തലശ്ശേരി ജനറൽ ആശുപത്രിയുടെ നവീകരണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഉത്തര കേരളത്തിലെ ഏറ്റവും വലിയ ആശുപത്രികളിൽ ഒന്നാണ് തലശ്ശേരിയിലെ ജനറൽ ആശുപത്രി. അവിടെ ആധുനിക രീതിയിലുള്ള ചികിൽസാ സംവിധാനമില്ലാത്തതാണ് ഇപ്പോഴത്തെ അവസ്ഥ. നിലവിലെ സ്ഥിതി പരിശോധിച്ചാൽ, ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞത് കാരുണ്യ ചികിൽസാ പദ്ധതിയുടെ ഭാഗമായി ഡയാലിസിസ് യൂണിറ്റ് നടപ്പാക്കുമെന്നാണ്, അത് ഇനിയും നടപ്പാക്കിയിട്ടില്ല. ഇപ്പോൾ അവിടെ 13 ഡോക്ടർമാരുടെ ഒഴിവുണ്ട്. സർജറിയിൽ 3-ഉം, ഇ.എൻ.റ്റി.-യിൽ 2-ഉം, ഒഫ്ത്താൽമോളജിയിൽ 1-ഉം ഗൈനക്കോളജിയിൽ 1-ഉം ചെസ്റ്റ് ഡിസീസസ്സിൽ 1-ഉം, ഓർത്തോയിൽ 1-ഉം തുടങ്ങി ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. പതിമൂന്ന്

ഡോക്ടർമാരില്ലാതെ ഈ ജനറൽ ആശുപത്രി എങ്ങനെ പ്രവർത്തിപ്പിക്കാൻ സാധിക്കും? പതിനാറ് സ്റ്റാഫ് നഴ്സ് ഗ്രേഡ് -1-ന്റെയും പന്ത്രണ്ട് സ്റ്റാഫ് നഴ്സ് ഗ്രേഡ് -II-ന്റെയും ഒഴിവുകളുണ്ട്. ഇത്രയും ഒഴിവുകൾ ഉള്ള ആശുപത്രിയിൽ നിന്നും നിലവിലുള്ള ആറ് സ്റ്റാഫ് നഴ്സുമാരെ വർക്കിംഗ് അറേഞ്ചുമെന്റിൽ വിവിധ പബ്ലിക് ഹെൽത്ത് സെന്ററുകളിലേയ്ക്ക് മാറ്റുകയും രണ്ടുപേരെ ട്യൂട്ടർമാരായി മാറ്റുകയും ചെയ്തു. നിലവിൽ സ്റ്റാഫ് നഴ്സില്ലാത്ത സ്ഥലത്തുനിന്ന് ഉള്ള ആളുകളെത്തന്നെ മാറ്റിയതിനാൽ ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ നിന്നോ ഡയറക്ടറുടെ ആഫീസിൽ നിന്നും ചെയ്യുന്നതല്ല. അവിടത്തെ ഡി.എം.ഒ-യുടെ ഓഫീസ് കേന്ദ്രീകരിച്ചുകൊണ്ടാണ് സ്റ്റാഫുകളെ ഇത്തരത്തിൽ തോന്നുംപോലെ സ്ഥലംമാറ്റുന്നത്. സ്റ്റാഫുകളില്ലാതെ ആ ആശുപത്രി എങ്ങനെ പ്രവർത്തിക്കുമെന്ന് പോലും നോക്കാതെ ഇങ്ങനെ വർക്കിംഗ് അറേഞ്ചുമെന്റിന്റെ പേരിൽ സ്ഥലം മാറ്റുന്നതിന്റെ ഫലമായി തലശ്ശേരി ഗവൺമെന്റ് ആശുപത്രിയുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. എന്താണ് ഇതിന്റെയൊക്കെ പിന്നിലെന്ന് എനിക്കറിയില്ല. ഡി.എം.ഒ.-യുടെ ഓഫീസ് കേന്ദ്രീകരിച്ചുകൊണ്ട് നടത്തുന്ന ഈ പ്രവൃത്തിയുടെ ഫലമായി ജനറൽ ആശുപത്രി ഇപ്പോൾ അനാഥമായിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടുകൊണ്ട് ഒഴിവുള്ള തസ്തികകളിലെല്ലാം

അടിയന്തരമായി നിയമനം നടത്തുകയും അവിടെനിന്ന് വർക്കിംഗ് അറേഞ്ചുമെന്റിൽ സ്ഥലംമാറ്റിയവരെ ഇന്നുതന്നെ തിരികെ നിയമിക്കുകയും ചെയ്താൽ ആശുപത്രി യുടെ പ്രവർത്തനം തൽക്കാലം നടത്തിക്കൊണ്ടുപോകാൻ കഴിയും. കൂടാതെ നിലവിലുള്ള മുഴുവൻ ഒഴിവുകളും നികത്തി ആധുനിക രീതിയിലുള്ള ആശുപത്രി യാക്കി മാറ്റണം. പ്രസ്തുത ആശുപത്രിയുടെ കെട്ടിടം ഒന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയായതുകൊണ്ട് സ്ത്രീകളുടേയും കുട്ടികളുടേയും ഒരു പ്രത്യേക ആശുപത്രികൂടി ആരംഭിക്കാൻ തീരുമാനിച്ചതാണ്. അതിലേയ്ക്കുള്ള അഞ്ച് ഏക്കർ സ്ഥലം വിലയ്ക്കെടുത്ത് നൽകുന്നതിനുവേണ്ടി ജനകീയ കമ്മിറ്റിയുണ്ടാക്കി, അതിന്റെ ഫണ്ട് പിരിവ് ഏകദേശം പൂർത്തീകരിച്ചുകഴിഞ്ഞു. അതുകൊണ്ട് ഈ കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ആശുപത്രിയുടെ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തലശ്ശേരി ജനറൽ അശുപത്രിയിൽ പ്രതിദിനം ഒ.പി.-യിൽ എത്തുന്ന രോഗികളുടെ എണ്ണം 1300-ഉം കിടക്കകളുടെ എണ്ണം 541-ഉം, ഐ.പി. യിൽ 400-ഉം ആണ്. 51 ഡോക്ടർമാരുടെ പോസ്റ്റാണ് അവിടെയുള്ളത്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശരിയാണ്. ഇപ്പോൾ 41

ഡോക്ടർമാരാണ് പ്രവർത്തിക്കുന്നത്. അതിൽ 38 പേരാണ് അവിടെ ജോലിയിലുള്ളത്, മൂന്ന് പേരെ അഡ്ഹോക് വ്യവസ്ഥയിൽ എൻ.ആർ.എച്ച്.എം. വഴി നിയമിച്ചിട്ടുള്ളതാണ്. നിലവിൽ ഇവിടെ ഒരു ഡയാലിസിസ് യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കും. സ്റ്റാഫ് നഴ്സിന്റെ 26 ഒഴിവുകൾ അവിടെയുണ്ട്. ആർ.എസ്.ബി.വൈ. സ്കീം അനുസരിച്ച് 18 പേരെയും അതല്ലാതെ 6 പേരുൾപ്പെടെ 24 പേരെയാണ് നിയമിച്ചിട്ടുള്ളത്. ഇപ്പോൾ രണ്ട് ഒഴിവുകളാണ് ഉള്ളത്. തീർച്ചയായും ഇവിടെ സൂചിപ്പിച്ച ഒഴിവുകൾ നികത്തുന്നതിന് ഉടൻതന്നെ നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യലിസ്റ്റുകളുടെ പോസ്റ്റുകൾ പ്രൊമോഷൻ വഴിയാണ് നിയമിക്കപ്പെടേണ്ടത്. അതിന്റേതായ കുറച്ച് കാലതാമസം ഉണ്ടായിട്ടുണ്ട്. തീർച്ചയായും ഈ പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അമ്മമാരുടേയും കുട്ടികളുടേയും വിഭാഗത്തിനായി പ്രത്യേകം ആശുപത്രി ആരംഭിക്കുന്നതിന് ഇവിടെ സൂചിപ്പിച്ചതുപോലെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. എം.എൽ.എ.-യുടെ നേതൃത്വത്തിൽ ജനകീയ ധനസമാഹരണം നടത്തി ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടന്നുവരികയാണ്. ഇത് ലഭ്യമായാൽ ഉടൻതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ജൂനിയർ കൺസൾട്ടന്റുമാരുടെ

ഒഴിവുകൾ നികത്തുതിന് സർവ്വീസിൽ പി.ജി. ബിരുദമുള്ള ജീവനക്കാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ചുകഴിഞ്ഞു. അവരുടെ നിയമനം ഉടൻതന്നെ നടത്തുന്നതാണ്. മറ്റുള്ള അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉടൻതന്നെ ആ ഒഴിവുകളും നികത്തുന്നതാണ്. വർക്കിംഗ് അറേഞ്ചുമെന്റിൽ മാറ്റിയിട്ടുള്ള സ്റ്റാഫ് നഴ്സുമാരുണ്ട്. ആ ഒഴിവുകളിലേയ്ക്ക് പകരം ആളിനെ നിയമിച്ചിട്ടുണ്ട്. ആകെ 26 സ്റ്റാഫ് നഴ്സുമാരുടെ പോസ്റ്റിൽ 24 പേരെയും നിയമിച്ചിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ച കാര്യം എന്താണെന്ന് പരിശോധിച്ച് തീർച്ചയായും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ആരോഗ്യ സർവ്വകലാശാലയിൽ ജീവനക്കാരെ നിയമിക്കൽ

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സംസ്ഥാനത്ത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2010-ൽ തൃശ്ശൂർ ആസ്ഥാനമായിട്ടാണ് ആരോഗ്യ സർവ്വകാലാശാല സ്ഥാപിച്ചത്. പ്രസ്തുത സർവ്വകലാശാല സ്ഥാപിച്ചപ്പോൾ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആധുനിക അലോപ്പതി, ആയുർവ്വേദം, ഹോമിയോ, സിദ്ധ, യോഗ, നൃൂറോപ്പതി, യുനാനി ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളിലായി ശരിയായ വിദ്യാഭ്യാസവും പരിശീലനവും ഗവേഷണ സൗകര്യങ്ങളും ലഭ്യമാക്കുക എന്നതായിരുന്നു. എന്നാൽ ഇന്നതിന്റെ സ്ഥിതി വളരെ ദയനീയമായി

തുടരുകയാണ്. സർക്കാർ കോളേജുകൾ, എയ്ഡഡ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ, ആയുർവ്വേദ കോളേജുകൾ, ഹോമിയോ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ, ഫാർമസി, ഡെന്റൽ കോളേജ്, പാരാമെഡിക്കൽ കോളേജുകളുൾപ്പെടെ ഏകദേശം 249 സ്ഥാപനങ്ങൾ ഈ ആരോഗ്യ സരവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിച്ച് അഞ്ചു വർഷമായിട്ടും സ്വന്തമായൊരു സിസ്റ്റം മാനേജർ മാത്രമാണ് ഈ സർവ്വകലാശാലയിലുള്ളത്. വൈസ് ചാൻസലർ, പ്രൊ-വൈസ് ചാൻസലർ തുടങ്ങി ഏഴ് നിർബന്ധിത തസ്തികളിലെ ജീവനക്കാരും 30 വിരമിച്ച ജീവനക്കാരും 60-ലധികം ദിവസക്കൂലിക്കാരുമായി ഏകദേശം 117 പേരാണ് ഇവിടെ ജോലി ചെയ്തുവരുന്നത്. ആരോഗ്യ സർവ്വകലാശാല എന്നുള്ള നിലയിൽ അക്കാദമിക് രംഗത്തും ഭരണ രംഗത്തും മുൻ പരിചയവും വിദഗ്ദ്ധ സേവനവും ഗുണപരമായ കൂടുതൽ കാര്യക്ഷമതയും ഇല്ലാത്തവരാണ് ഇവിടെ നിയമിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ അവർക്ക് ഉത്തരവാദിത്വങ്ങൾ വേണ്ട രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല. ചുരുങ്ങിയ കാലയളവിൽ ത്തന്നെ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള അഴിമതിയും ഇന്ന് വാർത്തയായി വന്നുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാലയുടെ രജിസ്ട്രാറെ അടുത്ത ദിവസമാണ് കൈക്കൂലി വാങ്ങിയതിന്

കയ്യോടെ പിടികൂടിയത്. സർവ്വകലാശാലയിലെ ക്യാമ്പസിലെ റോഡ് നിർമ്മാണത്തിന് 1.8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്തു വകുപ്പിനെ നിർമ്മാണം ഏൽപ്പിക്കാതെ ഏകദേശം 18 കോടി രൂപ നൽകി, മറ്റൊരു ഏജൻസിയെക്കൊണ്ട് പണി നടത്തിയത് സംബന്ധിച്ച് വിജിലൻസിന്റെ കേസും നടക്കുകയാണ്. സർവ്വകലാശാല നിയമം മുഴുവൻ പി.എസ്.സി. വഴിമാത്രം നടത്തണമെന്നും പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള അർഹരായ വിഭാഗങ്ങൾക്ക് സംവരണ നിയമം ഉറപ്പാക്കണ മെന്നും ആക്ടിൽ പറയുന്നുണ്ട്. പക്ഷേ, 250 തസ്തികകൾ അനുവദിക്കാൻ സർവ്വകലാശാല അധികൃതർ ആവശ്യപ്പെട്ടിട്ടും സർക്കാർ ഇന്നുവരെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇത് സർവ്വകലാശാലയുടെ കാര്യക്ഷമതയെയും ഗുണമേന്മയെയും മികവുറ്റതായ ആരോഗ്യ-വിദ്യാഭ്യാസവും ലഭ്യമാക്കണമെന്ന ലക്ഷ്യത്തിനും തടസ്സമായിരിക്കുകയാണ്. സർവ്വകലാശാല സ്ഥാപിച്ച് അഞ്ചുവർഷമായിട്ടും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി നിലവിൽ വന്നിട്ടില്ല. ഇപ്പോൾ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സുതാര്യമായിട്ടല്ല അതിന്റെ നടപടികൾ ആരംഭിച്ചതെന്നുള്ള ആക്ഷേപവും ഉണ്ടായിട്ടുണ്ട്. തെരഞ്ഞെടുപ്പ്

നടപടികൾ എത്രയും സുതാര്യമാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം പ്രസ്തുത സർവ്വകലാശാലയുടെ കാര്യക്ഷമതയും മികവും ഉറപ്പാക്കുന്നതിനും ഈ സർവ്വകലാശാല സ്ഥാപിച്ചതിന്റെ ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഭരണസമിതി തെരഞ്ഞെടുപ്പ് പരാതിയില്ലാതെ സുതാര്യമായി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 1.8.2009-ലെ ഉത്തരവു പ്രകാരമാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് എന്ന കേരള ആരോഗ്യ സർവ്വകലാശാല സ്ഥാപിക്കുന്നത്. ഈ കാലയളവിൽ അത്യാവശ്യം വേണ്ട നാലു തസ്തികകൾ സൃഷ്ടിച്ചിരുന്നു. പ്രസ്തുത സർവ്വകലാശാല സ്ഥപിച്ചതിനു ശേഷം 100 തസ്തികകൾ സ്ഥിരമായും 17 തസ്തികകൾ താല്ക്കാലികമായും അനുവദിച്ചിട്ടുണ്ട്. ആകെ ആവശ്യമായ 311 തസ്തികകളിൽ 117 തസ്തികകൾ സൃഷ്ടിച്ചു. ബാക്കിയുള്ള 194 തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമ ങ്ങൾ പുരോഗമിച്ചുവരുന്നു. ആരോഗ്യ സർവ്വകലാശാല രൂപീകൃതമായതിനു ശേഷം ആകെ 260 കോളേജുകൾ

യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. മറ്റ് യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജു കളുടെ എണ്ണം : കുസാറ്റ് - 27, കേരള - 228, എം.ജി - 268, കാലിക്കട്ട് - 339, കണ്ണൂർ - 113, കുവാസ് - 260 എന്നിങ്ങനെയാണ്. ഈ കോളേജുകളെല്ലാം മുൻകാലങ്ങളിൽ മറ്റു സർവ്വകലാശാലകളുടെ കീഴിൽ നിലനിന്നിരുന്നു. ഇത്രയും കോളേജുകൾ മറ്റു സർവ്വകലാശാലകളിൽ നിന്നും ആരോഗ്യ സർവ്വകലാശാല യിലേയ്ക്ക് അഫിലിയേറ്റ് ചെയ്തപ്പോൾ മറ്റ് സർവ്വകലാശാലകളിൽ നിന്നുള്ള അധിക തസ്തികകൾ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. കൂടുതലായി മറ്റു സർവ്വകലാശാലകളിൽ ജീവനക്കാർ ഉണ്ടെങ്കിൽ അത് ആരോഗ്യ സർവ്വകലാശാലയിലേയ്ക്കു മാറ്റി നൽകുന്ന വിഷയം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. തീർച്ചയായും അവിടെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ ഭരണം സുതാര്യമായി നടപ്പിലാക്കുന്ന തിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് നിയമാനുസൃതമുള്ള നടപടികൾ ഗവൺമെന്റ് തീർച്ചയായും സ്വീകരിക്കും.

## മന്ത് രോഗം

ശ്രീ. പി. തിലോത്തമൻ: സർ, മന്തുരോഗം വളരെ വ്യാപകമായി ഉണ്ടായിരുന്ന

സ്ഥലമാണ് ചേർത്തല. ഫൈലേറിയ ഡിപ്പാർട്ടുമെന്റിന്റെ ദീർഘകാലത്തെ കാര്യക്ഷമമായ പ്രവർത്തനവും കേന്ദ്ര ഗവൺമെന്റിന്റെ വി.സി.ആർ.സി.-യുടെ സേവനങ്ങളും വഴി ഈ രോഗത്തിൽനിന്ന് പുതിയ തലമുറയെ നമുക്ക് മോചിതരാക്കാൻ കഴിഞ്ഞിരുന്നു. ഏതാനും പഴയ തലമുറയിലെ ആളുകൾക്ക് മാത്രമാണ് ഇന്ന് മന്തുരോഗമുള്ളതായി അവിടെ കാണാൻ കഴിയുന്നത്. പുതിയ തലമുറയെ നമുക്ക് അതിൽ നിന്നും മോചിപ്പിക്കാൻ കഴിഞ്ഞിരുന്നു എന്നുള്ളത് എടുത്തു പറയേണ്ട പ്രത്യേകതയാണ്. എന്നാൽ ഈ കഴിഞ്ഞ ദിവസം, ചേർത്തലയിലും ആലപ്പുഴയിലുമുള്ള കൊച്ചുകുട്ടികളിൽ മന്തുരോഗം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്. പൊതുവെ വല്ലാത്ത ആശങ്കയാണ് പൊതുജന ങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളത്. വി.സി.ആർ.സി.-യുടെ പ്രവർത്തനം ചെന്നൈ യിലേയ്ക്ക് വിത്ഡ്രോ ചെയ്തു. ഫൈലേറിയ ഡിപ്പാർട്ടുമെന്റിന്റെ നിലവിലുണ്ടായിരുന്ന ഓഫീസിന്റെ പ്രവർത്തനം ഷിഫ്റ്റ് ചെയ്ത് മറ്റു പല ജില്ലകളിലേയ്ക്കും കൊണ്ടുപോയിരിക്കുകയാണ്. അതിന്റെ പ്രവർത്തനം നടക്കുന്നില്ല. ഈ ഒരു സാഹചര്യമാണ് മന്തുരോഗം ഇന്ന് കുട്ടികളിൽ റിപ്പോർട്ട് ചെയ്യപ്പെടാൻ ഇടയാക്കിയതെന്നാണ് പൊതുവേ മനസ്സിലാക്കുന്നത്. ഏതായാലും ആശങ്കാജനകമായ ഈ സ്ഥിതിവിശേഷത്തിന് അടിയന്തരമായി

പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ രണ്ടു ഫീൽഡ് സ്റ്റേഷനുകളായ ചേർത്തല, കായംകുളം എന്നിവിടങ്ങളിലും ആലപ്പുഴയിലും മന്തുരോഗ നിർണ്ണയ സർവ്വേ നടത്തിവരുന്നു. കൃത്യമായി നടന്നുവരുന്ന സർവ്വേയുടെ ഫലമായാണ് തുടക്കത്തിൽ തന്നെ മന്തുരോഗ ബാധിതരെ കണ്ടെത്താൻ കഴിഞ്ഞത്. പഴയ ഫൈലേറിയ യൂണിറ്റ് നിലവിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന്റെ പ്രവർത്തനം എല്ലാ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ രോഗനിർണ്ണയം കാര്യക്ഷമമായി നടത്തിവരുന്നു. ഇതുകൂടാതെ വെക്ടർ കൺട്രോൾ ആലപ്പുഴ ജില്ലാ യൂണിറ്റിൽ ചൊവ്വ, വെള്ളി ദിവസങ്ങളിലും ചേർത്തല യൂണിറ്റിൽ തിങ്കളാഴ്ച ദിവസവും നൈറ്റ് ക്ലിനിക് പ്രവർത്തിക്കുന്നു. 1997 മുതൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ മന്തുരോഗ സമൂഹ ചികിത്സാ പരിപാടി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ദേശീയ മാനദണ്ഡങ്ങൾക്കനുസരിച്ച് മന്തുരോഗ പ്രതിരോധ ഗുളികാ വിതരണവും കഴിപ്പിക്കലും വർഷംതോറും നടത്തിവരുന്നു.

ആലപ്പുഴ ജില്ലയിൽ ചേർത്തല ഉൾപ്പെടുന്ന എട്ടു സ്ഥലങ്ങളിൽ 2004-നുശേഷം ഓരോ വർഷവും നടത്തിയ സർവ്വേയിൽ ശരാശരി മന്തുരോഗാണു നിരക്ക് ഒരു ശതമാനത്തിനു താഴെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2014-ൽ ആലപ്പുഴ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് നടത്തിയ രാത്രികാല മന്ത് രോഗാണു സർവ്വേയിൽ 8159 പേരുടെ രക്തം പരിശോധിച്ചതിൽ രണ്ടു പേരിൽ മാത്രമാണ് രോഗാണുക്കൾ ഉണ്ടായിരുന്നത്, 0.02 ശതമാനം. 2015 ജൂലൈ വരെ 5177 പേരുടെ രക്ത പരിശോധന നടത്തിയതിൽ മെയ്, ജൂൺ മാസങ്ങളിൽ ഓരോ വ്യക്തികളിൽ രോഗാണുവിനെ കണ്ടെത്തിയിരുന്നു, 0.03 ശതമാനം. ഇതിൽ ഒരു കേസ് ചേർത്തല നഗരത്തിൽ നിന്നുള്ളതാണ്. രോഗാണുക്കളെ കണ്ടെത്തിയ ആളിന് കൃത്യമായ ചികിത്സ നൽകി. ഇതിൽ നിന്നും ലോകാരോഗ്യസംഘടന നിഷ്കർഷിച്ചിരിക്കുന്ന ഒരു ശതമാനം രോഗാണുനിരക്കി നേക്കാൾ വളരെ കുറവാണ് ആലപ്പുഴ ജില്ലയിലുള്ളതെന്നും മനസ്സിലായി. അതുകൊണ്ട് ചേർത്തലയിൽ മന്തുരോഗ വ്യാപന സാധ്യത ആശങ്കപ്പെടുന്ന വിധം ഇല്ലായെന്നുള്ളതാണ് മനസ്സിലാക്കുന്നത്.